**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1092** **02.03.2017 ൽ മറുപടിയ്ക്ക്**

**കരമന - കളിയിക്കാവിള നാലുവരിപ്പാത**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**,, എം. വിൻസെന്റ്**<br>**,, കെ.മുരളീധരൻ**<br>**,, കെ.എസ്.ശബരീനാഥൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരമന - കളിയിക്കാവിള നാലുവരിപ്പാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;<br><br>(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തികൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുകയിൽ എത്ര രൂപയാണ് നാളിതുവരെ വിതരണം ചെയ്തതെന്നും വ്യക്തമാക്കാമോ; | (എ) & (ബി) കരമന — കളിയിക്കാവിള നാലുവരിപ്പാതയുടെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവൃത്തിയ്ക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 153 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലമേറ്റെടുക്കുന്നതിനായി അഞ്ച് തവണകളായി അനുവദിച്ച 266.67 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിൽ 122.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള അഞ്ച് കി.മീറ്ററിൽ 3.25 കി.മീറ്റർ ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിലുള്ള ചമയങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ സ്ഥലം പുതിയ എൽ.എ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിയുകയുള്ളൂ. |
| (സി) നാലുവരിപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഐ.എ.എസ് കേഡറിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) നാലുവരിപ്പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഐ.എ.എസ് കേഡറിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**